(ബി) മേൽപറഞ്ഞവയിൽ എലപ്പാറ-വാഗമൺ റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണി പുരോഗമിച്ചുവരുന്നു.

(സി) (a) കുമളി ആലടി റോഡിന്റെ മെറ്റലിംഗ് ടാറിംഗ് പണികൾ തീർക്കേണ്ടതുണ്ട്. മണ്ണുവേല, കലുങ്കു പണി, താങ്ങുഭിത്തി ഇവയുടെ പണി കഴിഞ്ഞു.

(b) കല്ലാർ ഗ്രാമ്പി റോഡിന്റെ ടാറിംഗ് പണി അവശേഷിക്കുന്നു.

(c) അട്ടപ്പള്ളി ആനവിലാസം റോഡ്

(d) മുണ്ടക്കയം കപ്പലുവേങ്ങ മുറിഞ്ഞ പുഴ റോഡ്

(e) ചെറുവള്ളിക്കുളം കണയങ്ക വയൽ കോയിനാട് റോഡ്

ഇവയുടെ നിർമ്മാണം ർഘാടനം കഴിഞ്ഞു പണി തുടങ്ങി വരുന്നതേയുള്ളൂ.

(ഡി) ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വാഗമൺ ഉളുപ്പുണ്ണി റോഡ്, ഉപ്പുതുറ വാഗമൺ റോഡ് ഇവ ഏറ്റെടുക്കുവാനായി പരിഗണിച്ചു വരുന്നു. ചെറുവള്ളിക്കുളം കണയങ്ക വയൽ കോയിനാട് റോഡ് ടൂറിസം പദ്ധതിയിൽപെടുത്താനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ നബാഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പീരുമേട് ദേവിക്കുളം റോഡിൽ കരിന്തരുവി പാലവും ഏറ്റെടുക്കുന്നുണ്ട്. ആവശ്യമായ സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കാനായി റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) മേൽപറഞ്ഞ പണികൾക്ക് തുകയൊന്നും ചിലവഴിച്ചിട്ടില്ല. ബഡ്ജറ്റിൽ കരിന്തരുവി പാലത്തിന് രൂപ 50,000 വകയിരുത്തിയിട്ടുണ്ട്. മറ്റു പണികൾക്ക് തുക വകയിരുത്തിയിട്ടില്ല.

തലസ്ഥാന റോഡ് വികസന പദ്ധതി

124 [437] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ തലസ്ഥാന വികസന പദ്ധതിയുടെ ഭാഗമായി വികസനത്തിനായി ഏറ്റെടുത്ത് അനുമതി നൽകിയ കവടിയാർ-പേരൂർക്കട-വഴയില, പട്ടം-കവടിയാർ, പട്ടം-മെഡിക്കൽ കോളേജ് റോഡുകളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) തലസ്ഥാന മേഖലയിലെ അതിപ്രധാന യാത്രാമാർഗങ്ങളുടെ വികസനം ത്വരിതഗതിയിൽ പൂർത്തീകരിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ഈ റോഡുകളുടെ പണിയുമായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) എത്രയും പെട്ടെന്ന് ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി നിലവിലുള്ള കരാറുകാരനെക്കൊണ്ട് പണി പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly